# പ്രഥമ നീര പ്ലാന്റിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു

## മുഖ്യമന്ത്രി എന്ന നിലയിൽ ഏറ്റവും സംതൃപ്തി നൽകുന്ന കാര്യമാണ് കേരകർഷകർക്ക് നീര ഉൽപ്പാദിപ്പിക്കാൻ സാഹചര്യമൊരുക്കിയതെന്ന് ഉമ്മൻ ചാണ്ടി



നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന നാളികേര ഉൽപ്പാദക കമ്പനികൾക്ക് 2013-14 ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപയുടെ സർക്കാർ ധനസഹായം ഏതാനും ദിവസങ്ങൾക്കുള്ളിൽ നൽകുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. ഇന്ത്യയിലെ ആദ്യത്തെ നീര പ്ലാന്റായ കൊല്ലം കൈപ്പുഴ നാളികേര ഉൽപ്പാദക കമ്പനിയുടെ (കെ.സി.പി.സി.എൽ) പ്ലാന്റിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉടൻ തന്നെ ഈ തുക അനുവദിച്ചു കൊടുക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി നീര ലൈസൻസിനെ സംബന്ധിച്ചു പുറത്തു വന്നുകൊണ്ടിരിക്കുന്ന വാർത്ത തീർത്തും തെറ്റിദ്ധാരണാ ജനകമാണ്. ഇതുവരെ അപേക്ഷിച്ച എല്ലാവർക്കും ലൈസൻസ് കൊടുത്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. നീരയുടെ വിപണന സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം. കേരളത്തിന്റെ ചുവടു പിടിച്ച് തമിഴ്നാടും നീര ഉൽപ്പാദനം തുടങ്ങാനുള്ള തയ്യാറെടുപ്പിലാണെന്നും മുഖ്യമന്ത്രി അറിയിച്ചു. മുഖ്യമന്ത്രി എന്ന നിലയിൽ ഏറ്റവും സംതൃപ്തി നൽകുന്ന കാര്യമാണ് കേരകർഷകർക്ക് നീര ഉൽപ്പാദിപ്പിക്കാൻ സാഹചര്യമൊരുക്കിയതെന്ന് അദ്ദേഹം ഊന്നിപറഞ്ഞു. റീട്ടെയിൽ ഔട്ട്ലെറ്റിൽ നിന്ന് കിട്ടിയ ധനസഹായം കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ മുഖ്യമന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി.

വിദേശത്തുനിന്നും നീരയ്ക്ക് വൻ ഡിമാൻഡാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ് ഐ.എ.എസ് ആമുഖ പ്രഭാഷണത്തിൽ പറഞ്ഞു. 40 ടൺ നീരയടങ്ങുന്ന 24 കണ്ടയ്നറാണ് സ്വിറ്റ്സർലാന്റ്, നെതർലാന്റ്സ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യാൻ റാം മോഹൻ എന്ന യുവസംരംഭകന് ലഭിച്ചിട്ടുള്ളതെന്ന് ബോർഡ് ചെയർമാൻ കർഷകരെ അറിയിച്ചു. ഇപ്പോഴത്തെ സാഹചര്യത്തിൽ കേരളത്തിലെ മുഴുവൻ കമ്പനികൾക്കും ലൈസൻസ് നൽകിയാലും ഡിമാൻഡിനനുസരിച്ച് നീര നൽകാനാവില്ല എന്ന് അദ്ദേഹം വെളിപ്പെടുത്തി.

7.5 കോടി രൂപ മൂല്യമുള്ള പദ്ധതിക്ക് കർഷക കൂട്ടായ്മകളിൽ നിന്ന് 5 കോടി കണ്ടെത്തിയിട്ടുണ്ട്. 1.5 കോടി രൂപ ബാങ്കിൽ നിന്ന് വായ്പയെടുക്കുകയും 50 ലക്ഷം രൂപ നാളികേര വികസന ബോർഡിൽ നിന്നും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. അടുത്തപടിയായി ആരോഗ്യ പാനീയമെന്ന നിലയിൽ നീരയും നീരയിൽ നിന്നുള്ള മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ നീര ഷുഗർ, നീര ഹണി, നീരമധുരം ചേർത്ത മറ്റ് പലഹാരങ്ങൾ, നീര കേക്ക്, നീര ഐസ്ക്രീം തുടങ്ങിയ ഉൽപന്നങ്ങളും കൈപ്പുഴ കമ്പനി വിപണിയിൽ എത്തിക്കും. ഇത് ദേശീയ അന്തർദേശീയ വിപണികളിൽ എത്തിക്കുക എന്നുള്ളതാണ് അടുത്ത ലക്ഷ്യം. കളമശ്ശേരി എസ്.സി.എം.എസിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് കൈപ്പുഴ കമ്പനി നീര സംസ്ക്കരിച്ച് കേടുകൂടാതെ സൂക്ഷിച്ച് ബോട്ടിലുകളിലാക്കി വിപണിയിലെത്തിക്കുന്നത്. പ്രതിദിനം 10,000 ലിറ്റർ നീര സംസ്ക്കരിച്ച് പായ്ക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളാണ് യൂണിറ്റിനുള്ളത്.

കോവൂർ കുഞ്ഞിമോൻ എം. എൽ.എയുടെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ജില്ലാ ഗവ. പ്ലീഡർ അഡ്വ. സുധീർ ജേക്കബ്, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. എം. സെയ്ദ്, ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചവറ ഹരീഷ് കുമാർ, രാജേന്ദ്ര പ്രസാദ്, പനന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യൂസഫ് കുഞ്ഞ്, കോയിവിള രാമചന്ദ്രൻ, അഡ്വ. ജർമിയാസ്, കല്ലട വിജയൻ, ബാബു ജോസഫ് (നീര കമ്മിറ്റി മെമ്പർ), പി. കെ. ഗോപൻ, (മുൻ പഞ്ചായത്ത് പ്രസിഡന്റ്) പി. സി. കോശി വൈദ്യൻ, പി. ഫിലിപ്പ്, തുണ്ടിൽ നൗഷാദ്, ശ്രീകുമാർ (ജി.എസ്.പി. യു അസോസിയേറ്റ്സ്) ജോർജ്ജ് ജേക്കബ് തുടങ്ങിയവർ ആശംസകൾ നേർന്നു. കെ.സി. പി.സി. എൽ. ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ സ്വാഗതവും, എം. ഡി. ജയമോൻ കൃതജ്ഞതയും നിർവ്വഹിച്ചു.